# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## വിജ്ഞാപനം

നമ്പർ : എസിഡി.സി2/5363/ എസ്.എസ്.യു.എസ്/19 തീയതി : 08.05.2019

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2019-2020 അദ്ധ്യയന വർഷത്തിലേക്ക് വിവിധ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. സംസ്കൃതം-സാഹിത്യം, സംസ്കൃതം-വേദാന്തം, സംസ്കൃതം-വ്യാകരണം, സംസ്കൃതം-ന്യായം, സംസ്കൃതം-ജനറൽ, സാൻസ്ക്രിറ്റ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, സംഗീതം (വായ്പാട്ട്), ഡാൻസ് (ഭരതനാട്യം, മോഹിനിയാട്ടം) എന്നീ വിഷയങ്ങളിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായത്തിലും, പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ വിഷയങ്ങൾക്ക് മാർക്ക് സമ്പ്രദായത്തിലുമായിരിക്കും കോഴ്സുകൾ നടത്തപ്പെടുക.

മുഖ്യ കേന്ദ്രമായ കാലടിയിൽ സംസ്കൃത വിഷയങ്ങൾ കൂടാതെ സംഗീതം, നൃത്തം എന്നീ കലാവിഭാഗങ്ങൾ മുഖ്യ വിഷയമായി ത്രിവത്സര ബി.എ. ബിരുദ കോഴ്സുകളിലേക്കും പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ വിഷയങ്ങളിൽ നാലു വർഷത്തെ ബി.എഫ്.എ. ബിരുദ കോഴ്സുകളിലേക്കും പ്രവേശനം നൽകുന്നു. സർവ്വകലാശാലയുടെ തിരുവനന്തപുരം (സംസ്കൃതം ന്യായം, വ്യാകരണം, വേദാന്തം, സാഹിത്യം), പന്മന (സംസ്കൃതം വേദാന്തം), ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം) തുറവൂർ (സംസ്കൃതം സാഹിത്യം), കൊയിലാ ി (സംസ്കൃതം സാഹിത്യം, വേദാന്തം, ജനറൽ), തിരൂർ (സംസ്കൃതം വ്യാകരണം), പയ്യന്നൂർ (സംസ്കൃതം വ്യാകരണം, വേദാന്തം, സാഹിത്യം) എന്നീ പ്രാദേശിക കേന്ദ്രങ്ങളിൽ വിവിധ സംസ്കൃത വിഷയങ്ങളിലാണു പ്രവേശനം നൽകുന്നത്. സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് (ര ് വർഷം) മേൽ പറഞ്ഞ കോഴ്സുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്.

നൃത്തം, (മോഹിനിയാട്ടം, ഭരതനാട്യം) സംഗീതം, പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നിവ മുഖ്യ വിഷയമായ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. പ്രായം 2019 ജൂൺ 1-ന് 22 വയസ്സിൽ കൂടുതൽ ആകരുത്.

താത്പര്യമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാല വെബ്സൈറ്റിൽ www.ssus.ac.in/ www.ssusonline.org വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് കോപ്പിയും നിർദ്ദിഷ്ട യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടേയും (SSLC,+2) സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും യൂണിയൻ ബാങ്കിൽ 50/- രൂപ അടച്ച ചലാനും (എസ്.സി/എസ്.ടി. വിദ്യാർത്ഥികൾക്ക് 10/- രൂപ) ഉൾപ്പെടെ അതതു കേന്ദ്രങ്ങളിലെ വകുപ്പ് അദ്ധ്യക്ഷൻമാർക്ക്/ഡയറക്ടർമാർക്ക് സമർപ്പിക്കേ താണ്. പ്രോസ്പെക്ടസും/ബാങ്ക് ചലാനും www.ssus.ac.in/ www.ssusonline.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കേ അവസാന തീയതി **23.05.2019**

ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് കോപ്പിയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ലഭിക്കേ അവസാന തീയതി **27.05.2019.**

ഒപ്പ്

**പ്രൊഫസർ**
**ഇൻ ചാർജ് ഓഫ് രജിസ്ട്രാർ**

പകർപ്പ്:

1. ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർ/പ്രാദേശിക കേന്ദ്രം ഡയറക്ടർമാർ
2. പബ്ലിക് റിലേഷൻസ് ഓഫീസർ ( പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന്)
3. സിസ്റ്റം അനലിസ്റ്റ് (സർവകലാശാല വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
4. നോഡൽ ഓഫീസർ (എക്സാം ഡിജിറ്റലൈസേഷൻ) -(സർവകലാശാല വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
5. ഡി.എസ്.എസ്/ഡിപ്പാർട്ടുമെന്റൽ സിസ്റ്റം/എസ്.എഫ്/എഫ്.സി